LIBRARY ARCHIVES Kerala Legislative Assembly

ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ പുതുതായി നടപ്പിലാക്കിയ ജലസേചന പദ്ധതികൾ

74(1350) ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ പുതുതായി നടപ്പിലാക്കിയ ജലസേചന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞു; അവ ഏതെല്ലാം;

(സി) പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാമെന്നും അത്തരം പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതുതായി ജലസേചന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ നദീതീര സംരക്ഷണ പ്രവർത്തനങ്ങൾ

75(1351) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിന്റെ വിവിധ നദീതീരസംരക്ഷണ പ്രവർത്തനങ്ങൾക്കായി 2001-2002 മുതൽ 2005-2006 വർഷം വരെ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയും സംബന്ധിച്ചുള്ള പ്രത്യേകം പ്രത്യേകം കണക്കുകളും ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

ഉത്തരം

(എ) 2001-2002 മുതൽ 2005-2006 വരെ ആകെ 43,08,053 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) ഒന്നുമില്ല.

---

†അനുബന്ധം-II

അനുബന്ധം II

[20-2-2006-ലെ 75(1351)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

2001-2002 മുതൽ 2005-2006 വരെയുള്ള പ്രവൃത്തികളുടെ പട്ടിക

(എ)

1. പെരുമ്പപ്പുഴ വലതുകര സംരക്ഷണ പ്രവൃത്തി	-	321559
2. രാമപുരം പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി	-	469193
3. ചെറുപുഴയുടെ വലിയ പുഴ ഭാഗം പാർശ്വസംരക്ഷണം	-	575728
4. രാമന്തള്ളി പഞ്ചായത്തിലെ കരമുട്ടത്ത് പാലക്കോട് പുഴയുടെ വലതുകര സംരക്ഷണം	-	40642
5. രാമന്തള്ളി പഞ്ചായത്തിലെ പുതിയ പുഴക്കരയിൽ പാലക്കോട് പുഴയുടെ വലതുകര സംരക്ഷണം	-	399198
6. കുഞ്ഞിമംഗലം പഞ്ചായത്തിലെ ഏഴിമലയിൽ പാലക്കോട് പുഴയുടെ ഇടതുകര സംരക്ഷണം	-	408495
7. മാടായി പഞ്ചായത്തിലെ സുൽത്താൻ കനാലിന്റെ താഴ്ഭാഗത്ത് പാലക്കോട് പുഴയുടെ ഇടതുകര സംരക്ഷണം	-	745387
ആകെ		2960202

ഈ കാലയളവിൽ പണി പൂർത്തീകരിച്ച് ബിൽ കൊടുക്കേണ്ട പ്രവൃത്തികളുടെ വിശദാംശം താഴെ പറയും പ്രകാരമാണ്.

1. നാവിഗേഷൻ മെയിന്റനൻസ് കുഞ്ഞിമംഗലം പഞ്ചായത്തിൽ പുതിയ പുഴയ്ക്കും ചെംകൂരിച്ചാൽ പാലത്തിനുമിടയ്ക്ക് പാലക്കോട് പുഴയുടെ ഇതടുകര സംരക്ഷണം	-	409940
2. പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ കുണ്ടംകാളി തലോത്ത് ശ്മശാനത്തിനടുത്ത് പെരുമ്പപ്പുഴയുടെ വലതുകര സംരക്ഷണം	-	482285
3. രാമന്തള്ളി പഞ്ചായത്തിലെ കൊറ്റി ബോട്ട് ജെട്ടിക്ക് എതിർവശത്ത് പെരുംപുഴയുടെ ഇടതുകര സംരക്ഷണം	-	455626
ആകെ		1347851

LIBRARY ARCHIVES Kerala Legislative Assembly